I ഇ.ബി. XV - കേരള നിയമസഭ/VIII-4

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2023 ഫെബ്രുവരി 3, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ധനകാര്യം**

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെ അവതരണം

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ 2021-22 സാമ്പത്തിക വർഷത്തെ ആന്വൽ റിപ്പോർട്ടും ഫിഡിലിറ്റി സർട്ടിഫിക്കറ്റും മേശപ്പുറത്ത് വച്ചു.

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.17-ന് പൂർത്തിയാക്കി.

മി. സ്പീക്കർ: ബഡ്ജറ്റ് പ്രസംഗത്തിന്റെ പകർപ്പുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. കേരള ബഡ്ജറ്റ് മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമാക്കിയിട്ടുള്ള ബഡ്ജറ്റ് പ്രസംഗത്തിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സിന്റെ പകർപ്പുകൾ അംഗങ്ങൾക്ക് എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിലും മന്ത്രിമാർക്ക് അവരവരുടെ ഓഫീസുകളിലും എത്തിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ പകർപ്പുകൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.21- ന് പിരിഞ്ഞു.

******